(ബി) വൈക്കം നിയോജകമണ്ഡലത്തിൽപ്പെട്ട പ്രദേശങ്ങളിൽ നടത്തിയ റെയ്ഡിൽ പണമോ മുദ്രപ്പത്രങ്ങളോ പിടിച്ചെടുത്തിട്ടുണ്ടോ ;

(സി) പണമിടപാട് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട റെയ്ഡുകൾ ഇപ്പോഴും തുടരുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) അനധികൃത പണമിടപാട് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട റെയ്ഡുകളിൽ വൈക്കം മണ്ഡലത്തിൽ അനധികൃതമായി നടത്തുന്ന ഏതെങ്കിലും ചിട്ടിസ്ഥാപനങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) അനധികൃത പണമിടപാട് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയിൽ 36 പണമിടപാട് സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും രണ്ടുപേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. വൈക്കം നിയോജകമണ്ഡലത്തിൽപ്പെട്ട പ്രദേശങ്ങളിൽ 7 പണമിടപാട് സ്ഥാപനങ്ങളിൽ പരിശോധന നടത്തിയെങ്കിലും ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(ബി) 4 മുദ്രപത്രങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്.

(സി) ഇപ്പോഴും തുടരുന്നുണ്ട്.

(ഡി) ഇല്ല.

ഓപ്പറേഷൻ കുബേരയുടെ ഭാഗമായിട്ടുള്ള നടപടി

175 (6324) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി അറസ്റ്റ് ചെയ്യപ്പെട്ട ഡി.സി.സി. മുൻ അംഗം ശശീന്ദ്രബാബുവിന്റെ കൈവശം ഉണ്ടായിരുന്ന എന്തെല്ലാം രേഖകളും മറ്റ് വസ്തുക്കളുമാണ് പോലീസ് റെയ്ഡിൽ പിടിച്ചെടുത്തതെന്ന് വ്യക്തമാക്കാമോ ;

(ബി) ടിയാനോ ടിയാന്റെ സഹായികൾക്കോ മറ്റേതെങ്കിലും കേസ്സുമായി ബന്ധമുണ്ടെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(സി) ടിയാനുമായി ബന്ധപ്പെട്ട ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി അറസ്റ്റ് ചെയ്യപ്പെട്ട ഡി.സി.സി. മുൻ അംഗം ശശീന്ദ്രബാബുവിന്റെ കൈവശം ഉണ്ടായിരുന്ന പിടിച്ചെടുത്ത വസ്തുക്കളുടെയും രേഖകളുടെയും വിവരം ചുവടെ ചേർക്കുന്നു :

1. വിവിധ ബാങ്കുകളുടെ തുക എഴുതിയും എഴുതാത്തതുമായി 12 ചെക്കുകൾ

LIBRARY ARCHIVES Kerala Legislative Assembly

2. 100 രൂപയുടെ ഒപ്പ് രേഖപ്പെടുത്തിയ 5 മുദ്രപത്രങ്ങൾ
3. വെള്ളപേപ്പറിൽ റവന്യൂ സ്റ്റാമ്പ് ഒട്ടിച്ച ഒപ്പിട്ട 5 ബ്ളാങ്ക് പേപ്പറുകൾ
4. ശശീന്ദ്രബാബുവിന്റെ പേരിൽ എഗ്രിമെന്റ് എഴുതി ഒപ്പിട്ട മൂന്ന് എഗ്രിമെന്റ് പത്രങ്ങൾ
5. റവന്യൂ സ്റ്റാമ്പ് ഒട്ടിച്ച് ഒപ്പിടാത്ത രണ്ട് ബ്ലാങ്ക് വെള്ള പേപ്പറുകൾ
6. KL 02 L 634, KL 23 D 1160 എന്നീ വാഹനങ്ങളുടെ RC Book
7. വിവിധ ആളുകളുടെ പേരിലുള്ള 13 പ്രമാണങ്ങളുടെ കോപ്പികൾ.

ഇതുകൂടാതെ മേൽപ്പറഞ്ഞ രേഖകൾ സൂക്ഷിച്ചുവച്ചിരുന്ന ഒരു പ്ലാസ്റ്റിക് ഫയൽ ബാഗും കണ്ടെത്തിയിട്ടുണ്ട്.

(ബി) ടിയാനും ടിയാന്റെ സഹായികൾക്കും താഴെ പറയുന്ന കേസ്സുകളുമായി ബന്ധമുണ്ടെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട് :

1. കൊല്ലം ഈസ്റ്റ് PS ക്രൈം നമ്പർ.2052/13, 1255/14
2. കൊല്ലം വെസ്റ്റ് PS ക്രൈം നമ്പർ. 840/13
3. കിളികൊല്ലൂർ PS ക്രൈം നമ്പർ. 779/14
4. ഇരവിപുരം PS ക്രൈം നമ്പർ.839/14 & 843/14

(സി) ടിയാനുമായി ബന്ധപ്പെട്ട മറ്റ് ആരേയും അറസ്റ്റ് ചെയ്തിട്ടില്ല.

ഓപ്പറേഷൻ കുബേര - കുന്നംകുളം മണ്ഡലം

176 (6325) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നംകുളം മണ്ഡലത്തിൽ ഉൾപ്പെടുന്ന പോലീസ് സ്റ്റേഷൻ പരിധിയിൽ ഓപ്പറേഷൻ കുബേരയിൽ ഉൾപ്പെട്ട കേസ്സുകൾ എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത കേസ്സുകളിൽ എത്രപേർ പ്രതികളായിട്ടുണ്ട് ;

(ബി) ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് ഇവർക്കെതിരെ കേസ്സുകൾ എടുത്തിട്ടുള്ളത് ; ഇതുസംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) കുന്നംകുളം മണ്ഡലത്തിൽ ഉൾപ്പെടുന്ന പോലീസ് സ്റ്റേഷൻ പരിധിയിൽ ഓപ്പറേഷൻ കുബേര പ്രകാരം 8 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ്സുകളിൽ 8 പേർ പ്രതികളായിട്ടുണ്ട്.

(ബി) 420 IPC, 3, 4, 17, 18(A) of Money Lenders Act എന്നീ വകുപ്പുകൾ പ്രകാരമാണ് കേസ്സുകളെടുത്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly